കൺസ്യൂമർഫെഡ് മുഖേന വിലക്കയറ്റ നിയന്ത്രണം

146 (531) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. എ. മാധവൻ:
ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് മുഖേന വിലക്കയറ്റം നിയന്ത്രിക്കാൻ വിപണി ഇടപെടലിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) കൺസ്യൂമർഫെഡ് മുഖേന വിലക്കയറ്റം നിയന്ത്രിക്കാൻ വിപണി ഇടപെടലിനായി പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ നടപ്പാക്കിയിട്ടില്ല. എന്നാൽ പൊതുമാർക്കറ്റിലെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി പൊതുവിപണിയിൽ നിന്നും 20% വരെ വിലകുറച്ച് നന്മ സ്റ്റോറുകളിലൂടെയും വില വർദ്ധനവിന് കൂടുതൽ സാദ്ധ്യതയുള്ള ഉത്സവകാലങ്ങളിൽ കൺസ്യൂമർ ഫെഡിന്റെ സഹകരണത്തോടെ നടത്തുന്ന സബ്സിഡി വിപണനമേളകളിലൂടെയും അവശ്യസാധനങ്ങൾ വിപണനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സഹകരണ വകുപ്പ് കൺസ്യൂമർഫെഡ് മുഖാന്തരം കാലാകാലങ്ങളിൽ നടത്തിവരുന്ന ഉത്സവ വിപണികളിലൂടെ വിലക്കയറ്റം നിയന്ത്രിക്കുകയും തൽഫലമായി പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ അവശ്യ നിത്യോപയോഗ സാധനങ്ങൾ പ്രാപ്യമായ സ്ഥലങ്ങളിൽ ലഭ്യമാക്കുകയുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) കാലാകാലങ്ങളിൽ നടത്തുന്ന സബ്സിഡി വിപണനമേളകൾ സംബന്ധിച്ച് കൺസ്യൂമർഫെഡിൽനിന്നും ലഭിക്കുന്ന പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച് സർക്കാരിന്റെ അംഗീകാരത്തോടെ നടപ്പിലാക്കുകയും കൂടാതെ ഓരോ വർഷത്തെയും ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ സബ്സിഡി ഇനത്തിൽ കൺസ്യൂമർഫെഡിന് പൊതുവിപണി ഇടപെടലിനായി ഒരു നിശ്ചിത തുക വകയിരുത്തുകയും ആയത് അതാത് വർഷം അനുവദിച്ച് നൽകുകയും ചെയ്യുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly